(സി) എങ്കിൽ ഇവ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) പല പൊതുനിരത്തുകളും നടപ്പാതകളും കാൽനടയാത്രപോലും സാധ്യമാകാത്തവിധം സ്വകാര്യ വ്യാപാര സ്ഥാപനങ്ങളും മറ്റും കയ്യേറി പാർക്കിംഗ് ഏരിയ ആയി ഉപയോഗിക്കുന്നതിനെതിരെ എന്തെല്ലാം നടപടി സ്വീകരി ക്കുന്നുണ്ട് ; വിശദമാക്കാമോ ?

ഉത്തരം.

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ആലോചിച്ചുവരുന്നു.

(ഡി) കയ്യേറ്റം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എടുത്തുവരുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2008 സെപ്റ്റംബർ 17-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാതയോരങ്ങളിൽ അനധികൃതമായി പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളെ പകൽസമയത്തും രാത്രി സമയങ്ങളിലും നീക്കം ചെയ്യുന്നതിനും പിഴ ഈടാക്കിയതിനുശേഷംമാത്രം വിട്ടുകൊടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ആംബുലൻസുകളുടെ യാത്രാപ്രശ്നം

322 (3144) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംബുലൻസുകളുടെ യാത്രാപ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവൻ രക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി പോകുന്ന വാഹനങ്ങൾക്ക് ഗതാഗത നിയമത്തിൽ ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ആംബുലൻസുകളുടെ യാത്ര സംബന്ധിച്ച് എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അമിത വേഗത്തിൽ പോയതിന് ഈ സർക്കാരിന്റെ കാലത്ത് എത്ര ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. എന്നാൽ ജീവൻ രക്ഷാപ്രവർത്തനങ്ങളുടെ ഭാഗമായി പലപ്പോഴും ഇത്തരം വാഹനങ്ങൾക്ക് വേഗതാ പരിധി ലംഘിക്കേണ്ടി വരുന്നതിനാൽ ഇത്തരം വാഹനങ്ങളെ വേഗതാ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഗതാഗത കമ്മീഷണർ ഒരു സർക്കുലർ 8-6-2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ആംബുലൻസുകളെയും ഫയർ ബ്രിഗേഡ് വാഹനങ്ങളെയും വേഗതാ പരിധിയിൽനിന്നും ഒഴിവാക്കുന്നതിന് 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 369 പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം അഞ്ചോളം ആംബുലൻസുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

പെർമിറ്റില്ലാതെ യാത്ര നടത്തുന്ന സ്വകാര്യ ബസ്സുകൾ

323 (3145) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശസാൽകൃത റൂട്ടുകളിൽ പെർമിറ്റില്ലാതെ സ്വകാര്യ ബസുകൾ യാത്ര നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കെ.എസ്.ആർ.ടി.സി.യുമായുള്ള മൽസര ഓട്ടത്തിന് ഇടവരുത്തുകയും അപകടങ്ങളിലേക്ക് വഴിവെക്കുകയും ചെയ്യുകയും യാത്രക്കാർക്ക് അപകട ഇൻഷുറൻസ് പോലും ലഭിക്കാത്ത അവസ്ഥവരെ ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്വകാര്യ ബസുകളുടെ പെർമിറ്റില്ലാത്ത റൂട്ടുകളിലെ യാത്രയുമായി ബന്ധപ്പെട്ട് സർക്കാരിന് പരാതി ലഭിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ നിന്നാണ് പരാതി ലഭിച്ചതെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly